വിവിധ വകുപ്പുകളിലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് സർവന്റ്സിനെ തെരഞ്ഞെടുക്കുന്നതിനുള്ള റാങ്ക് ലിസ്റ്റ്

25 [1126] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ വിവിധ വകുപ്പുകളിലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് സർവന്റ്സിനെ തെരഞ്ഞെടുക്കുന്നതിനുള്ള റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിച്ചു;

(ബി) ഈ ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളിലേയ്ക്കും എത്രയുംവേഗം ലിസ്റ്റിൽനിന്നും നിയമനം നടത്താൻ സർക്കാർ നടപടിയെടുക്കുമോ?

ഉത്തരം

(എ) 4-7-1994-ൽ പ്രസിദ്ധീകരിച്ചു.

(ബി) 167 പേരെ നിയമനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്.

(സി) ഒഴിവുകളുടെ ലഭ്യതയനുസരിച്ചാണ് പി. എസ്. സി. നിയമന ശുപാർശ നൽകുന്നത്. ഒഴിവുകൾ അപ്പപ്പോൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്.

പി. എസ്. സി. നടത്തിയ എൽ. പി., യു. പി. അസിസ്റ്റന്റ് ടെസ്റ്റ്

26 [1129] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ 12-7-1995-ൽ പി. എസ്. സി. നടത്തിയ എൽ. പി., യു. പി. അസിസ്റ്റന്റ് ടെസ്റ്റിന്റെ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് വിദ്യാഭ്യാസ വകുപ്പ് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് താമസംവിനാ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 12-7-1995-ൽ നടത്തിയ എൽ. പി., യു. പി. അസിസ്റ്റന്റ് തസ്തികയിലേക്കുള്ള എഴുത്തു പരീക്ഷയുടെ ഉത്തരക്കടലാസിന്റെ മൂല്യ നിർണ്ണയവും തുടർന്നുള്ള നടപടികളും പൂർത്തിയായിട്ടില്ല. ഇതാണ് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിന് കാരണം.

(ബി) 110 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നതായി പി. എസ്. സി. അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly